LIBRARY ARCHIVES Kerala Legislative Assembly

**നെടുമ്പാശ്ശേരി വിമാനത്താവളം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതി**

267 (244) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും വിദേശത്തേക്ക് സ്ത്രീകളെ ജോലിക്കായി കൊണ്ടുപോയി പീഡിപ്പിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വെങ്ങോല പഞ്ചായത്തിൽ മഠത്തിപ്പടി ഭാഗത്ത് പാറയ്ക്കാട്ടുകുടി വീട്ടിൽ ബാബു ഭാര്യ ഓമന എന്നയാളെ ബഹ്റിനിൽ വച്ച് ഭീകരമായി ഉപദ്രവിച്ചത് സംബന്ധിച്ച് നെടുമ്പാശ്ശേരി വിമാനത്താവളം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രതികൾ നാട്ടിൽ എത്തിയശേഷം വിദേശത്തേക്ക് കടന്ന് പോകാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രതികളെ നാട്ടിൽ കൊണ്ടുവന്ന് നിയമ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിൽ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 103/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി&ഡി) ആവലാതിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മേൽ നമ്പറായി കേസ് രജിസ്റ്റർ ചെയ്തത് 19-01-2016 തീയതിയാണ്. പ്രതികളിൽ ഒരാളായ രഞ്ജു മത്തായി 18-01-2016 തീയതിയും രണ്ടാമത്തെയാൾ സന്തു പീറ്റർ 20-1-2016 തീയതിയും വിദേശത്തേയ്ക്ക് തിരിച്ചു പോയിട്ടുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ടിയാന്മാരെ തിരികെ കൊണ്ടുവന്ന് അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

GPM. 2/237/2020-101